**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 6085

04.07.2019- ൽ
മറുപടിയ്ക്ക്

## വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന

ചോദ്യം
ശ്രീ. ആന്റണി ജോൺ

മറുപടി
ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി |
|---|---|---|
| (എ) കോതമംഗലം മണ്ഡലത്തിൽ 01.01.1977 ന മുൻപായി വനഭൂമി കൈവശം വച്ച് കൃഷിചെയ്തു ജീവിച്ചു വരുന്ന 5000 ത്തോളം കർഷകർ അവരുടെ ഭൂമിക്ക് പട്ടയം ലഭ്യമാകുന്നതിന വേണ്ടി അപേക്ഷ നൽകി കാത്തിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയാകാത്തതിനാൽ ഇവർക്ക് യഥാസമയം പട്ടയം ലഭിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) റവന്യൂ (എൽ) വകുപ്പിൽ നിന്നുള്ള ജി.ഒ.നമ്പർ 478/റവന്യൂ പ്രകാരം 01.01.1977 ന മുൻപ് ഭൂമി കൈവശം വച്ചിരിക്കുന്ന കൃഷിക്കാർക്ക് പട്ടയം നൽകുന്നതിനുവേണ്ടി അടിയന്തിരമായി ജോയിന്റ് വേരിഫിക്കേഷൻ നടത്തുന്നതിന് തീരുമാനമായിട്ടുണ്ടോ; | (സി) | 8/2/2019-ലെ സ.ഉ (സാധാ) 476/19/റവ പ്രകാരം കേന്ദ്ര സർക്കാർ അനുമതി ലഭിച്ച ഭൂമിയിലെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനും 1/1/1977 – ന് മുമ്പുള്ള വനഭൂമി കൈവശങ്ങൾ ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട സംയുക്ത പരിശോധന പൂർത്തീകരിക്കുന്നതിനും നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) ഉണ്ടെങ്കിൽ ഈ ഉത്തരവ് പ്രകാരം കോതമംഗലം മണ്ഡലത്തിൽ ജോയിന്റ് വേരിഫിക്കേഷനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;<br>(ഇ) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോതമംഗലം മണ്ഡലത്തിൽ അടിയന്തിരമായി ജോയിന്റ് വേരിഫിക്കേഷൻ പൂർത്തിയാക്കി പട്ടയം ലഭ്യമാക്കുന്നതിനുവേണ്ട നടപടി | (ഡി) & (ഇ) | സംയുക്ത പരിശോധന നടത്തുന്നതിനായി സർക്കാർ അനുമതി ലഭ്യമാക്കുന്നതിനുവേണ്ടി സംയുക്ത പരിശോധന നടത്തേണ്ട മുഴുവൻ ഭൂമിയുടേയും വിവരങ്ങൾ ലഭ്യമാക്കുന്നതിന് കോതമംഗലം, |

| | |
|---|---|
| സ്വീകരിക്കുമോ; വിശദമാക്കാമോ? | ആലുവ തഹസിൽദാർമാർക്ക് എറണാകുളം ജില്ലാ കളക്ടർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. സംയുക്ത പരിശോധന പൂർത്തിയാക്കി കേന്ദ്രാനുമതി ലഭ്യമാകുന്ന മുറയ്ക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുവാൻ സാധിക്കുന്നതാണ്. |

Indu S.S

സെക്ഷൻ ഓഫീസർ